# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1549 22.3.2013-ൽ മറുപടിയ്ക്ക്

### കാലിത്തീറ്റ ,കോഴിത്തീറ്റ എന്നിവയുടെ വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

എ) കാലിത്തീറ്റ,കോഴിത്തീറ്റ എന്നിവയുടെ വിലവർദ്ധനവ് കാരണം കർഷകരിൽ പലരും തൊഴിൽ ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എ) കാലിത്തീറ്റ വിലവർദ്ധനവ് കാരണം കർഷകർ തൊഴിൽ ഉപേക്ഷിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കോഴിത്തീറ്റയുടെ വിലവർദ്ധനവ് കാരണം കർഷകർ തൊഴിൽ ഉപേക്ഷിച്ചിട്ടുണ്ട്.

ബി) നിലവിൽ കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും സബ്സിഡി നൽകുന്നുണ്ടോ എന്നും എങ്കിൽ ഏതുവിധത്തിലാണ് സബ്സിഡി നൽകുന്നത് എന്നും വ്യക്തമാക്കുമോ ;

ബി) ഉണ്ട്.ഇടുക്കി പാക്കേജിന്റെ ഭാഗമായിട്ടുള്ള കന്നുക്കുട്ടി പരിപാലന പദ്ധതി പ്രകാരം 1000 കന്നുക്കുട്ടികൾക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്ന പരിപാടി നടപ്പിലാക്കി വരുന്നു. കുട്ടനാട് പാക്കേജ് കന്നുക്കുട്ടി പരിപാലന പദ്ധതി പ്രകാരം 1000 കന്നുക്കുട്ടികളെ തിരഞ്ഞെടുത്ത് അവയ്ക്ക് തീറ്റ സബ്സിഡി നൽകുന്ന പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്.

ആർ.കെ.വി.വൈ 2007-2008 പദ്ധതിയിൽ ഉൾപ്പെടുത്തി 7000 ഉപഭോക്താക്കളുടെ കന്നുക്കുട്ടികൾക്ക് സബ്സിഡി നൽകി. 2009-2010 ൽ 2700 കർഷകർക്കും 2010-2011 ൽ 19585 ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഗുണഫലം ലഭിച്ചു.

കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 25 കോടി രൂപ ചെലവഴിച്ച് 70060 കന്നുകുട്ടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി കാലിത്തീറ്റ 50%

| | | | |
|---|---|---|---|
| | | | സബ്സിഡിയിൽ വിതരണം ചെയ്യുന്നു. കൂടാതെ ക്ഷീരവികസന വകുപ്പിൽ നിന്നും സൊസൈറ്റിയിൽ പാൽ നൽകുന്ന കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ, കേരള ഫീഡ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളും കാലിത്തീറ്റയ്ക്ക് സബ്സിഡി/ ഡിസ്കൗണ്ട് നൽകുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾ വഴി അട്ടുക്കളമുറ്റത്തെ കോഴിവളർത്തൽ രംഗം പരിപോഷിപ്പിക്കുവാൻ, തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് കോഴിത്തീറ്റ സൗജന്യനിരക്കിൽ നൽകുന്നുണ്ട്. |
| സി) | മുഴുവൻ കർഷകർക്കും കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും സബ്സിഡി നൽകാനും, പുതിയ ആളുകളെ പ്രസ്തുത തൊഴിലിലേക്ക് ആകർഷിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | സി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകുന്നത് തുടരുന്നതാണ്. കോഴിവളർത്തലിൽ താല്പര്യമുള്ള കർഷകർക്കു വേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഇന്റഗ്രേഷൻ പദ്ധതി നടപ്പാക്കുന്നുണ്ട്. കേരള ഫീഡ്സിന്റെ കാലിത്തീറ്റ വിലക്കുറവിൽ മുഴുവൻ കർഷകർക്കും ലഭ്യമാണ്. |

Seela

സെക്ഷൻ ഓഫീസർ